## പ്രസിദ്ധീകരണത്തിന്

എൻ.എസ്.എസ്സുമായി സഹകരിച്ച് പ്രവർത്തിക്കാൻ ഇടതുപക്ഷം തയ്യാറാണെന്നും എൻ.എസ്.എസ്സിലെ മഹാഭൂരിപക്ഷവും ഇടതുപക്ഷത്തിനൊപ്പമാണെന്നും നേതൃത്വത്തിന് വിപ്രതിപത്തി കാണുമായിരിക്കുമെന്നും അത് അഭിപ്രായമായി മാത്രമേ കാണുന്നുള്ളു എന്നും ശത്രുതാപരമായി കാണുന്നില്ലെന്നുമുള്ള കോടിയേരി ബാലകൃഷ്ണന്റെ അഭിപ്രായപ്രകടനം യുക്തിഭദ്രമല്ല.

എൻ.എസ്.എസ്സിൽ എല്ലാ രാഷ്ട്രീയപ്പാർട്ടികളിലും പെടുന്നവരുണ്ട്. രാഷ്ട്രീയത്തിന് അതീതമായവരും ഉണ്ട്. അവരിൽ ബഹുഭൂരിപക്ഷം തങ്ങളോടൊപ്പമാണ് ഉള്ളതെന്ന കോടിയേരിയുടെ പ്രസ്താവന നിരർത്ഥകമാണ്.

'എൻ.എസ്.എസ്. നേതൃത്വം പറഞ്ഞാൽ നായന്മാരാരും കേൾക്കുകയില്ല, എല്ലാവരും ഞങ്ങളോടൊപ്പമാണ്' എന്ന് മുമ്പ് പറഞ്ഞിട്ടുള്ളവരുടെ അവസ്ഥ ഇന്ന് എന്താണെന്നുള്ളത് കോടിയേരി ഓർക്കുന്നത് നന്ന്.

എൻ.എസ്.എസ്. നേതൃത്വത്തിന് സർക്കാരിനോട് വിപ്രതിപത്തി ഉണ്ടെന്നുള്ള കാര്യം പല തവണ വ്യക്തമാക്കിയിട്ടുള്ളതാണ്. അത് സ്വാർത്ഥപരമല്ല, വിശ്വാസസംരക്ഷണത്തിന്റെ പേരിൽ മാത്രമാണ്. അക്കാര്യത്തിൽ ശത്രുപക്ഷത്താണ് എൻ.എസ്.എസ്സിനെ കാണുന്നതെങ്കിൽ അതിനെ എൻ.എസ്.എസ്., വിശ്വാസികളോടൊപ്പം സമാധാനപരമായി നേരിടുകതന്നെ ചെയ്യും.

എന്തായാലും എൻ.എസ്.എസ്സിനെ ചെറുതാക്കി കാണിക്കുവാൻ കോടിയേരി ശ്രമിക്കേണ്ട. സമയംപോലെ പറ്റിക്കൂടിനിന്ന് എന്തെങ്കിലും നേടുന്ന സംസ്കാരമല്ല എൻ.എസ്.എസ്സിനുള്ളത്.

പെരുന്ന
17.2.2019

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി